# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏലൂർ നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.സീന.എൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA No.2194/2017 മേലുള്ള 27/11/2017 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 270/2018/തസ്വഭവ തീയതി, തിരുവനന്തപുരം : 30/01/2018

പരാമർശം : 1) 28/06/2017 തീയതിയിലെ സ.ഉ.(സാധാ) നം.2172/2017/തസ്വഭവ.

2) നഗരകാര്യ ഡയറക്ടറുടെ 06/10/2017 തീയതിയിലെ ജി2-5514/17 നമ്പർ ഉത്തരവ് നടപടിക്രമം.

3) ശ്രീമതി.സീന.എൽ 10/10/2017 തീയതിയായി സമർപ്പിച്ചിട്ടുള്ള 10/10/2017 തീയതിയായുള്ള അപ്പീൽ അപേക്ഷ (Annexure – A10).

4) ശ്രീമതി.സീന.എൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA No.2194/2017 മേലുള്ള 27/11/2017 ലെ അന്തിമ വിധിന്യായം.

5) നഗരകാര്യ ഡയറക്ടറുടെ 25/01/2018 തീയതിയിലെ ജി2-24858/16 നമ്പർ കത്ത്.

## ഉത്തരവ്

കേരള മുൻസിപ്പൽ കോമൺ സർവ്വീസിലെ ഓഫീസ് അറ്റൻഡന്റ്മാരുടെ 2017-18 ലെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച നഗരകാര്യ ഡയറക്ടറുടെ നടപടിക്രമത്തെ സംബന്ധിച്ച് അപേക്ഷക ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA No.2194/2017 മേലുള്ള 27/11/2017 ലെ പരാമർശം (4) പ്രകാരമുള്ള അന്തിമ വിധിന്യായത്തിൽ, ബഹു.കോടതി ഇപ്രകാരം നിർദ്ദേശിച്ചിരുന്നു.

"As Annexure – A10 is pending before the Government, the O.A is disposed of with a direction to the 1st respondent to consider and pass orders on Annexure – A10 representation, in the light of Annexure – A7 order, as expeditiously as possible, at any rate, within six months from the date of receipt of a certified copy of the Original Application. In the light of the above direction, the 2nd respondent is directed not to fill up one vacancy existing as of now in Cochin Corporation in the cadre of office attendant till orders are passed by the Government. The applicant will produce a copy of this order before the 2nd respondent".

2) പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കേരള മുൻസിപ്പൽ കോമൺ സർവ്വീസിലെ 2017-18 ലെ ഓഫീസ് അറ്റൻഡന്റ്മാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് നഗരകാര്യ ഡയറക്ടറുടെ പരാമർശം (2) ലെ ഉത്തരവ് നടപടിക്രമത്തിൽ പേര് ഉൾപ്പെടുത്തിയിട്ടില്ലായെന്ന് കാണിച്ച്, ടി നടപടിക്രമത്തിനെതിരെ അപേക്ഷക പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ ഫയൽ ചെയ്തു.

3) കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.സീന.എൽ നെ ഏലൂർ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റിയതിനെ തുടർന്ന് ടിയാരി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA No.471/2017 മേലുള്ള 16/03/2017 തീയതിയിലെ വിധിന്യായം നടപ്പിലാക്കി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നുവെന്നും, ടി ഉത്തരവിൽ നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ടിയാരിയുടെ അപേക്ഷ (Annexure-A4) പരിഗണിക്കണമെന്നാണ് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതെന്നും, ശ്രീമതി.സീന.എൽ ന്റെ അപേക്ഷ പരിശോധിച്ച്

കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലേയ്ക്കുള്ള സ്ഥലം മാറ്റത്തിനായുള്ള അന്തിമ ക്യൂ ലിസ്റ്റിൽ 9-ാം സ്ഥാനത്തായി അപേക്ഷകയെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ടി ക്യൂ ലിസ്റ്റിൽ 4-ാം സ്ഥാനം വരെയുള്ളവർക്കാണ് നിലവിൽ സ്ഥലംമാറ്റം നൽകിയിരിക്കുന്നതെന്നും, ടി ക്യൂ ലിസ്റ്റിലെ 5, 6 സ്ഥാനങ്ങളിൽ നോർത്ത് പറവൂർ നഗരസഭയിലെ ചെയിൻമാൻ ശ്രീ.ഷെറിൻ കെ.ബേബി, മൂവാറ്റുപുഴ നഗരസഭയിലെ ഫീമെയിൽ അറ്റൻഡന്റ് ശ്രീമതി.സെബീന.വി.എസ് എന്നിവരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും, നിലവിൽ കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 2 ഒഴിവും, നൈറ്റ് വാച്ച്മാൻ തസ്തികയിൽ 2 ഒഴിവും, മെയിൽ അറ്റൻഡർ തസ്തികയിൽ 1 ഒഴിവും ആണുള്ളതെന്നും ടിയാരിയുടെ ഊഴം അനുസരിച്ച മാത്രമേ സ്ഥലംമാറ്റം നൽകാൻ കഴിയുകയുള്ളൂവെന്നും പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുൻസിപ്പൽ കോമൺ സർവ്വീസിലെ ഓഫീസ് അറ്റൻഡന്റുമാരുടെ കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലേയ്ക്കുള്ള സ്ഥലംമാറ്റം സംബന്ധിച്ചുള്ള ക്യൂ ലിസ്റ്റിൽ ശ്രീമതി.സീന.എൽ നെ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും, അപേക്ഷയുടെ ഊഴം അനുസരിച്ച മാത്രമേ സ്ഥലംമാറ്റം നൽകാൻ കഴിയുകയുള്ളൂവെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ശ്രീമതി.സീന.എൽ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയിലെ ആവശ്യം, (Annexure – A10), നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

5) പരാമർശം (4) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി.സീന.എൽ, ഓഫീസ് അറ്റൻഡന്റ്, ഏലൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ